**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3710** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതിയിൽപ്പെട്ടവർക്ക് ഭൂമിയും വീടും വാങ്ങാൻ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീമതി ദെലീമ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതികളിൽപ്പെട്ടവർക്ക് ഈ സാമ്പത്തിക വർഷം നാല്പതിനായിരം വീടുകൾ നിർമ്മിച്ച നൽകുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ട പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ടോ; | (എ) | ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ പട്ടികയിലും വകുപ്പ് ലൈഫ് മിഷന് കൈമാറി നൽകിയ അഡീഷണൽ ലിസ്റ്റിലും ഉൾപ്പെട്ട മുഴുവൻ പേർക്കും ഭവന നിർമ്മാണത്തിന് ഘട്ടംഘട്ടമായി ധനസഹായം ലഭ്യമാക്കുകയാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി , വകുപ്പിന്റെ വിഹിതമായി 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ വകുപ്പിൽ നിന്നും 99 കോടി രൂപ ആദ്യഗഡുവായി ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. |
| (ബി) | പട്ടികജാതികളിൽപ്പെട്ട ഭൂരഹിതരുടെ എണ്ണം ഏറെയാണെന്നതിനാൽ, ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങാനുള്ള പദ്ധതി വിപുലീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; ഈ വർഷം ഇത്തരത്തിൽപ്പെട്ട എത്ര പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകാൻ ലക്ഷ്യമിടുന്നുവെന്ന് അറിയിക്കാമോ; | (ബി) | വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതിയിൽ നടപ്പ് വർഷം 185 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിൽ നിന്നും എല്ലാമായി 4624 കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കാൻ ലക്ഷ്യമിടുന്നു. |
| (സി) | പണി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും വാസയോഗ്യമല്ലാത്ത സ്ഥിതിയിലുള്ളവ മെച്ചപ്പെടുത്തുന്നതിനും പ്രത്യേകം സഹായം നൽകുന്നുണ്ടോ എന്നറിയിക്കാമോ ? | (സി) | വിവിധ വകുപ്പുകൾ മുഖേന ഭവനനിർമ്മാണ ധനസഹായം ലഭിച്ച പട്ടികജാതി വിഭാഗക്കാരിൽ മുഴുവൻ തുക കൈപ്പറ്റി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തവർക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനും, നിർദ്ദിഷ്ട മേൽക്കൂര നിർമ്മിക്കാത്തതിനാൽ അവസാന ഗഡു ലഭിക്കാത്തവർക്കും സ്വന്തം നിലയിൽ നിർമ്മാണം ആരംഭിച്ചവരിൽ നിർമ്മാണം പൂർത്തീകരിക്കുവാനും വകുപ്പിന്റെ ഭവന പൂർത്തീകരണ പദ്ധതി പ്രകാരം പരമാവധി ഒന്നര ലക്ഷം രൂപ വരെ അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ